**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3384 — 21.12.2012- ൽ മറുപടിക്ക്

## ഗ്രീൻഹൗസുകൾ സ്ഥാപിക്കുന്ന നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ ഓരോ പഞ്ചായത്തിലും മൂന്ന് വീതം ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുമെന്ന 2012-13 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | എ) സംസ്ഥാനത്തെ ഓരോ പഞ്ചായത്തിലും 3 വീതം ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്നതിനായി 22-06-2012 ലെ സർക്കാർ ഉത്തരവ് നമ്പർ 1304/12/എഡി പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുവാൻ താത്പര്യമുള്ള കർഷകരിൽ നിന്നും ജില്ല തലത്തിൽ അപേക്ഷകൾ സ്വീകരിച്ച് അവ ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ പരിശോധിച്ച് അനുമതി ഉത്തരവ് നൽകി വരുന്നു. പദ്ധതിയിൽ അപേക്ഷിച്ചിട്ടുള്ള കർഷകർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ച് കഴിഞ്ഞിട്ടുണ്ട്. കൂടാതെ കേരളത്തിൽ ഹൈടെക് കൃഷിയ്ക്ക് അനുയോജ്യമായ സാങ്കേതിക വിദ്യ കേരള കാർഷിക സർവ്വകലാശാല ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഹൈടെക് കൃഷി വ്യാപകമാക്കുവാനായി 2012 – 13 സാമ്പത്തികവർഷം ഒരു കോടി രൂപസർക്കാർ വി.എഫ്.പി.സി.കെ-ക്ക് അനുവദിച്ചിട്ടുണ്ട്. ഈ തുക 500 $M^2$ വീതമുള്ള 12 പോളി ഹൗസുകൾ, 38 ഏക്കർ സ്ഥലത്ത് പ്രിസിഷൻ ഫാമിങ്, അനുബന്ധ പരിശീലനങ്ങൾ പഠനയാത്രകൾ എന്നിവയ്ക്കായാണ് വകയിരുത്തിയിട്ടുള്ളത്. ഈ ഇനങ്ങളിലെല്ലാം തന്നെ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. |

| | | | |
|---|---|---|---|
| ബി | എത്ര കർഷകരെയും സ്ഥാപനങ്ങളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയെന്നും ഇവർക്ക് എന്തു ധനസഹായം നൽകിയെന്നും വ്യക്തമാക്കുമോ; | ബി | ഒരു ഗ്രാമ പഞ്ചായത്തിൽ 3 എന്നുള്ള നിരക്കിൽ സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകളിൽ 2934 കർഷകരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത് 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണം വരുന്ന പോളീഹൗസിന് മൊത്തം ചെലവായ 3.74 ലക്ഷം രൂപയുടെ 75 ശതമാനമായ 2.805 ലക്ഷം രൂ യാണ് ധനസഹായം നൽകുന്നത്. പദ്ധതി പ്രാരംഭഘട്ടത്തിലായതിനാൽ നാളിതുവരെ ആർക്കും ധനസഹായം അനുവദിച്ച് നൽകിയിട്ടില്ല.<br><br>വി.എഫ്.പി.സി.കെ ഗ്രീൻ ഹൗസുകൾ നിർമ്മിക്കുവാൻ സന്നദ്ധരായ 12 കർഷകരെ, 11 ജില്ലകളിൽ നിന്നായി തെരഞ്ഞെടുത്ത് പരിശീലനം നല്കുകയും അവർക്കായി പഠനയാത്ര സംഘടിപ്പിക്കുകയും ചെയ്തു. 4.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 75 ശതമാനം കർഷകർക്ക് സബ്സിഡിയായി നല്കുന്നുണ്ട് |
| സി | വികസിത രാജ്യങ്ങളിൽ നടപ്പാക്കി പ്രയോഗികമല്ലെന്ന് കണ്ടെത്തിയ ഹൈടെക് ഫാമിംഗ് കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച പ്രായോഗിക പഠനം നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ? | സി | ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള ഗ്രീൻഹൗസുകളിൽ മികച്ച രീതിയിൽ ഉത്പാദനം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ